# ACADEMIC MASTERPLAN

## 2025 - 2026

St.Vincent Colony TTI, Calicut

# ഒന്നാം ക്ലാസ്സ്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഒന്നാം ക്ലാസ്
## 2025-26
## (കരട്)

**ക്ലാസ് ടീച്ചറുടെ പേര് :.........................................**
**വിദ്യാലയത്തിന്റെ പേര് :...........................................**
**ഉപജില്ല :...........................................**
**ജില്ല :...........................................**

# ഉള്ളടക്കം

s


- ആമുഖം
- പ്രവർത്തന കലണ്ടർ
- മലയാളം മധുരം
- സംയുക്ത ഡയറി
- പാട്ട് അരങ്ങ്
- കുഞ്ഞെഴുത്ത്
- റീഡേഴ്സ് തിയേറ്റർ
- നാട്ടുവിശേഷം
- രചനോത്സവം
- ഭാഷോത്സവം

# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ഈ വർഷം നടപ്പിലാക്കി. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക, സ്കൂൾ എസ്.ആർ.ജി.കൾ വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്ക് വേണ്ട പഠനപിന്തുണാ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, എസ്.സി -എസ്.ടി മേഖലകൾ, പ്രത്യേകത പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠനപരിപോഷണ പരിപാടികൾ നടപ്പിലാക്കുക, നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠനപുരോഗതി രേഖ വികസിപ്പിക്കുക, ചോദ്യപേപ്പറുകളുടെ പരിഷ്കരണവും വികേന്ദ്രീകരണവും നടപ്പിലാക്കുക എന്നിവ പദ്ധതിയിലുണ്ട്.

2025 26 അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികൾക്കും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുവാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്തു വായന മറ്റ് അക്കാദമിയുടെ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കുവാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും, കൂടുതൽ ആസ്വാദകരവും ആക്കി മാറ്റുവാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും പദ്ധതി ലക്ഷ്യമിടുന്നു.

# പ്രവർത്തന കലണ്ടർ

| നം. | പരിപാടികളുടെ പേര് | നിർവഹണ കാലം | ചുമതല |
|---|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് | ക്ലാസ് അധ്യാപിക |
| 2 | സന്നദ്ധത പ്രവർത്തനം | ജൂൺ | ക്ലാസ് അധ്യാപിക |
| 3 | തനത് പ്രവർത്തനം | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപിക |
| 4 | മലയാളം മധുരം | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |
| 5 | സംയുക്ത ഡയറി | ജൂലൈ - മാർച്ച് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |
| 6 | പാട്ട് അരങ്ങ് | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |
| 7 | കുഞ്ഞെഴുത്ത് | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |
| 8 | റീഡേഴ്സ് തിയേറ്റർ | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപിക |
| 9 | നാട്ടുവിശേഷം | ജൂൺ -മാർച്ച് | ക്ലാസ് അധ്യാപിക |
| 10 | രചനോത്സവം | ഒക്ടോബർ- മാർച്ച് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |
| 11 | ഭാഷോത്സവം | ഒക്ടോബർ- മാർച്ച് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |

# സന്നദ്ധത പ്രവർത്തനം

കുട്ടിയുടെ വളർച്ച, വികാസം, പഠന സന്നദ്ധത എന്നിവ തിരിച്ചറിഞ്ഞിട്ടുള്ള പഠന അവസരങ്ങളാണ് പ്രാരംഭഘട്ടത്തിൽ ഒരുക്കേണ്ടത്. ഒന്നാം ക്ലാസിലെ കുട്ടികൾ ഒരേ പ്രായമുള്ളവർ ആണെങ്കിലും വിവിധ വികാസമേഖലകളുമായി ബന്ധപ്പെട്ട അനുഭവങ്ങളിൽ വ്യത്യസ്തരാണ്. എല്ലാവരെയും പരിഗണിച്ചുകൊണ്ട് പഠനാനുഭവം ഒരുക്കണമെങ്കിൽ കുട്ടിയെ കുറിച്ച് മനസ്സിലാക്കാൻ നേരത്തെ തുടങ്ങണം

കുട്ടികളുടെ പ്രധാന വികാസമേഖലകളായ ഭാഷാ വികാസം, വൈജ്ഞാനിക വികാസം ശാരീരിക ചാലക വികാസം സാമൂഹിക വൈകാരിക വികാസം, സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസം എന്നീ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് 10 ദിവസത്തെ പഠന പാക്കേജ് ആണ് സന്നദ്ധത പ്രവർത്തനമായി നൽകിയിരിക്കുന്നത്.

# തനത് പ്രവർത്തനം

## വളരുന്ന വായനയും എഴുത്തും 2025- 26

2025 26 ഒന്നാം ക്ലാസിലെ തനത് പ്രവർത്തനത്തിന്റെ ഭാഗമായി വളരുന്ന വായനയും എഴുത്തും തിരഞ്ഞെടുത്തു

അനായാസം കൈകാര്യം ചെയ്യുവാനും ആവശ്യാനുസരണം വാക്കുകളും വാക്യങ്ങളും പ്രയോഗിക്കാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ഇത്

| നം. | പരിപാടികളുടെ പേര് | നിർവഹണ കാലം | ചുമതല |
|---|---|---|---|
| 1 | അമ്മ വായന | ജൂൺ | രക്ഷിതാവ് |
| 2 | കേട്ട കഥകൾ ഭാവത്തോടെ അവതരിപ്പിക്കൽ | ജൂലൈ | ക്ലാസ് അധ്യാപിക |
| 3 | ചിത്രം നോക്കി കഥ പറയുന്നു | ഓഗസ്റ്റ്- സെപ്റ്റംബർ | ക്ലാസ് അധ്യാപിക |
| 4 | വായന കാർഡ് നൽകി അറിയാവുന്ന വാക്യങ്ങൾ കണ്ടെത്തുന്നു | ഒക്ടോബർ | ക്ലാസ് അധ്യാപിക |
| 5 | ചെറിയ കഥകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു | നവംബർ- ഡിസംബർ | ക്ലാസ് അധ്യാപിക |
| 6 | വായനോത്സവം രചനോത്സവം | ജനുവരി - ഫെബ്രുവരി | ക്ലാസ് അധ്യാപിക |
| 7 | ബാലസാഹിത്യകൃതികൾ വായിക്കുന്നു സ്വന്തമായി കഥയെഴുതുന്നു | മാർച്ച് | ക്ലാസ് അധ്യാപിക |

# മലയാളം മധുരം

ഒന്നാം ക്ലാസിലെ കുഞ്ഞുങ്ങകൾക്ക് വായനയിലേക്ക് കാൽവെപ്പ് വെക്കുന്നതിന് വേണ്ടി നടത്തുന്ന നൂതന പരിപാടിയാണ് മലയാളം മധുരം. കുഞ്ഞു കഥകൾ ആസ്വദിച്ചു കേൾക്കുന്നതിനും. ചിത്രങ്ങൾ നോക്കി കഥകൾ പറയുന്നതിനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ അവതരിപ്പിക്കുന്നതിനും ഇതിലൂടെ അവസരം ഒരുക്കുന്നു, ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് എത്തിക്കുന്നതോട്ടൊപ്പം കുട്ടിളെ ആശയഗ്രഹണ വായനയ്ക്കും, ആവാത്മകമായ വായനക്കും ഭാഷാ വികാസനത്തിനും, ഈ രീതി സഹായകമാകുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ**

* കഥകൾ ആസ്വദിക്കുന്നതിന് അവസരം ഒരുക്കുന്നു
* സർഗ്ഗശേഷി വികസനത്തിന്സാധ്യത ഒരുക്കുന്നു
* ആശയം ഗ്രഹിച്ച് കഥകൾ മനസ്സിലാക്കുന്നു
* ചിത്രങ്ങൾ നോക്കി കഥ പറയാൻ അവസരം നൽകുന്നു
* കുഞ്ഞു കഥാപുസ്തകങ്ങൾ നിർമ്മിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

* സി പി ടി എ യിൽ രക്ഷിതാക്കളെ ബോധവാന്മാരാക്കുന്നു
* എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു
* കുട്ടിയും രക്ഷിതാവും ചേർന്നുള്ള കഥാവായന
* കുട്ടികൾ തങ്ങൾക്ക് കിട്ടിയ ആശയം ആത്മവിശ്വാസത്തോട് കൂടി അവതരിപ്പിക്കൽ

**വിലയിരുത്തൽ**

* മലയാളം മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
* രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
* കഥോത്സവം നടത്തുന്നുണ്ട്
* കുട്ടികളുടെ പ്രകടനങ്ങൾ വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യുന്നു

# സംയുക്ത ഡയറി

രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിന അനുഭവങ്ങൾ ആത്മാംശം ഉൾക്കൊണ്ടുകൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറി യിലൂടെ കുട്ടിക്ക് കഴിയുന്നു ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികാസം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു കുട്ടിയെ സർഗാത്മക രചനക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കൾ ആക്കുന്നതിന് സംയുക്ത ഡയറി യിലൂടെ സാധ്യമാകുന്നു.

**പ്രസ്താവനകൾ**

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുന്നതിനും എഴുതുന്നതിനും കഴിയുന്നു
സ്വന്തം അനുഭവങ്ങൾ എഴുതുന്നതിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു
സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധ്യമാകുന്നു
ഭാഷാശേഷി വികാസത്തിന് സാധ്യമാകുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

സ്കൂളിലെ ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു ചർച്ചയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് മെച്ചപ്പെടുത്തുന്നു.
ക്ലാസ് പിടിഎ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു
എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
ജൂലൈ മുതൽ ആരംഭിക്കുന്നു
അധ്യാപിക ഡയറി പരിശോധിച്ചു വിലയിരുത്തുന്നു
കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു
പഠനോത്സവത്തിൽ പ്രദർശിപ്പിക്കുന്നു

**വിലയിരുത്തലുകൾ**

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതി സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്
എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
സർഗാത്മകമായ ശേഷി വികസനത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്
പൊതുസമൂഹമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്

# പാട്ടരങ്ങ്

ഭാഷ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടികളിൽ താളബോധവും രൂപപ്പെടുത്തുന്നതിലൂടെ വായന ലേഖനം എന്നിവ എളുപ്പമാക്കുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം ആക്കുന്ന കുട്ടിക്ക് എളുപ്പത്തിൽ കഴിയും. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. ഭിന്ന നിലവാരക്കാരായ കുട്ടികളെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ട് അരങ്ങിലൂടെ കഴിയുന്നു.

**ലക്ഷ്യപ്രസ്താവനകൾ**

* താളം മനസ്സിലാക്കി പാഠപുസ്തകത്തിലുള്ളതും മറ്റും സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു
* കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
* ഈ താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
* പിന്നെ നിലവാരക്കാരെ പരിഗണിച്ച് ഭാഷ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

* പാട്ടരങ്ങിലെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് മെച്ചപ്പെടുത്തുന്നു.
* ക്ലാസ് പിടിഎയിൽ പദ്ധതി അവതരിപ്പിക്കുന്ന രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് ചെയർപേഴ്സന്റെയും പിന്തുണ ഉറപ്പാക്കുന്നു.
* പാട്ടിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായന കാർഡുകൾ ആക്കൽ
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ .

**വിലയിരുത്തൽ**

* ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പരിമിതികൾ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
* പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ട രംഗത്ത് പ്രവർത്തന പരിപാടി തയ്യാറാക്കലും ക്ലാസിൽ അവതരിപ്പിക്കലും.

# കുഞ്ഞെഴുത്ത്

2025 26 വർഷത്തിൽ ഒന്നാം ക്ലാസിലെ യൂണിറ്റുകൾ കുഞ്ഞെഴുത്തു രൂപത്തിലാണ് കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. ഉദ്ഗ്രഥിത രൂപത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ താൽപര്യമുണ്ടാക്കുവാൻ ഇത് സഹായിക്കാമാകുന്നു.

## ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും കുഞ്ഞെഴുത്തു രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

കുട്ടികൾക്ക് കുഞ്ഞെഴുത്ത് വർക്ക് ബുക്ക് ലഭിക്കുന്നു

കുട്ടികൾക്ക് സ്വന്തമായി പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് വർദ്ധിക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ

ബുക്ക് രൂപത്തിലുള്ള കുഞ്ഞെഴുത്ത് കുട്ടികൾക്ക് വിതരണം ചെയ്യുന്നു

രക്ഷിതാക്കളുടെ പിന്തുണ ലഭിക്കുന്നു

ആദ്യ അവസരങ്ങളിൽ അധ്യാപികയുടെ സഹായത്തോടെ ചെയ്യുന്ന കാര്യങ്ങൾ പിന്നീട് സ്വന്തമായി ചെയ്യുന്നു

## വിലയിരുത്തൽ

ഭാഷോത്സവത്തിൽ അവതരിപ്പിക്കുന്നു വിലയിരുത്തുന്നു അവതരിപ്പിക്കുന്നു
എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹകരണവും ഉറപ്പുവരുത്തുന്നു

സർഗാത്മക ശേഷി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുവാൻ സാധിച്ചിട്ടുണ്ട്

വീഡിയോ ഡോക്യുമെന്റേഷൻ ചെയ്തിട്ടുണ്ട്

# റീഡേഴ്സ് തിയറ്റർ

തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മകമായ വായനയ്ക്കും ശ്രാവ്യ വായനയ്ക്കും ഏറെ സാധ്യമുള്ളതാണ് ഈ റീഡർസ് തിയേറ്റർ അവതരിപ്പിക്കുന്നു. ലഘു വിവരണങ്ങൾ കഥകൾ കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ടുകൊണ്ട് വായിക്കുവാൻ കഴിയുന്നവർ ആകണം ഒന്നാം ക്ലാസിലെ ഓരോ കുട്ടിയും.

## ലക്ഷ്യപ്രസ്താവനകൾ

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും റീഡേഴ്സ് തിയേറ്ററിൽ പങ്കെടുക്കുന്നു

ഒന്നാം ക്ലാസിലെ ഓരോ കുട്ടിയും മികച്ച വായനക്കാരനായി മാറുന്നു

പാഠപുസ്തകത്തിന്റെയും മറ്റു ബാലസാഹിത്യങ്ങളുടെയും സന്ദർഭങ്ങൾ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
ക്ലാസ് പിടിഎയിൽ അവതരിപ്പിക്കുന്നു

## വിലയിരുത്തൽ

റീഡേഴ്സ്തിയറ്റർ

പ്രവർത്തനത്തെ കുറിച്ച് പിടിഎ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്

കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നതിന് അധ്യാപികയ്ക്ക് പ്രായോഗിക ധാരണയുണ്ട്

കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം,വേദികൾ എന്നിവ ഒരുക്കുന്നു

മികച്ച അവതരണത്തെ പ്രോത്സാഹിപ്പിക്കുന്നു

# നാട്ടുവിശേഷം

പ്രകൃതിയെ നിരീക്ഷിച്ച് അവ തെറ്റുകൂടാതെ ആശയത്തിൽ പ്രകടമാക്കുവാനും തെറ്റില്ലാത്ത ഭാഷയിൽ എഴുതുവാനും കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്ര പ്രക്രിയ ശേഷികളുടെ വികാസം ഉറുപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായിക്കുന്നു. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത്ത പഠനത്തിലൂടെ അറിവ് നിർമ്മാണം സാധിക്കാൻ ഈ പ്രവർത്തനത്തിന് കഴിയും.

**ലക്ഷ്യപ്രസ്താവനകൾ**

* പരിസര പഠനത്തിലൂടെ ഭാഷാപ്രവർത്തന സാധ്യതകൾ ഒരുക്കുന്നു
* പ്രകൃതി നിരീക്ഷണത്തിലൂടെ ആഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു
* നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയ ശേഷിപ്പുകൾ ഒപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
* മുഴുവൻ കുട്ടികളുടെയും  പങ്കാളിത്തം ആക്കാൻ കഴിയുന്നു
* പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു
* പരിസര പഠനത്തിലൂടെ ഭാഷാ പഠനം രസകരവും ലളിതവും ആകാൻ കഴിയുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

* എസ്. ആർ.ജി യിൽ അവതരിപ്പിക്കുന്നു
* പ്രകൃതി നടത്തൽ ഫീൽഡ് ട്രിപ്പ് എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു
* പാഠഭാഗത്തിനനുസൃതമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു
* കണ്ടെത്തലുകളുടെ അവതരണം
* പതിപ്പ് തയ്യാറാക്കൽ

**വിലയിരുത്തൽ**

* ക്ലാസ് മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷ പഠനവും ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനം അധ്യാപികയ്ക്ക് ധാരണയുണ്ട്.
* പ്രക്രിയ ശേഷിക്ക് ഊന്നൽ നൽകുന്ന പരിസര പഠന സാധ്യതകൾ ബോധ്യപ്പെടുത്തുന്നു. * കുട്ടികളിൽ സഹവൃത്തിത്ത പഠനം ഉറപ്പാക്കുന്നു

# രചനോത്സവം

ലഘു വ്യവഹാര രൂപങ്ങൾ വാക്കുകൾ ചേർത്ത് എഴുതുവാൻ ഒന്നാം ക്ലാസിലെ കുട്ടിക്ക് കഴിയേണ്ടതുണ്ട്. കഥ കവിത ഡയറി സംഭാഷണം വിവരണം എന്നിവ വ്യവഹാര രൂപങ്ങൾ ഒന്നാം ക്ലാസിൽ പരിചയപ്പെടുത്തുന്നുണ്ട്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളും പങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ട് പഠന ലക്ഷ്യത്തിൽ എത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമാക്കുന്നത്.

## ലക്ഷ്യപ്രസ്താവന

എല്ലാ കുട്ടികളും രചന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നുണ്ട്

രചന പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു

കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

എസ്ആർ ജിയിൽ അവതരിപ്പിക്കുന്നു
സിപിടിഎ യിൽ രചനോത്സവ പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നു

കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നു

## വിലയിരുത്തൽ

രചനോത്സവത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

എല്ലാ വ്യവഹാര രൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നു

കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനോത്സവം സംഘടിപ്പിക്കുന്നു

# ഭാഷോത്സവം

ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളുടെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കുക എന്നതാണ് നമ്മുടെ പുതിയ ലക്ഷ്യം കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു

## ലക്ഷ്യപ്രസ്താവനകൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം നൽകുന്നു

കുട്ടികളുടെ സ്വതന്ത്ര രചനയ്ക്കുള്ള സാധ്യത ഒരുക്കുന്നു

ഭാഷാപഠനം അനുഭവപൂർവ്വം ആക്കുന്നതിന് കഴിയുന്നു.
ആശയ പൂർണ്ണതയോടെ രചനകൾ നടത്താൻ പ്രാപ്തരാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

ഭാഷോത്സവം എസ് ആർ ജിയിൽ ആസൂത്രണം ചെയ്യുന്നു

പിടിഎയിൽ അവതരിപ്പിച്ച പിന്തുണ ഉറപ്പാക്കുന്നു

പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു

ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു

## വിലയിരുത്തൽ

ലക്ഷ്യപ്രാപ്തിക്കുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്

മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നൽകിയിട്ടുണ്ട്

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | *ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു<br>*ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു<br>*അക്ഷരം എഴുതുന്നു<br>*വായന മൂല ഒരുക്കൽ<br>*വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു | ജൂൺ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| ലേഖനം | *ചിത്രങ്ങൾ നോക്കിയ അവയുടെ പേര് എഴുതുന്നു<br>*കുഞ്ഞെഴുത്തു പുസ്തകം<br>* സംയുക്ത ഡയറി എഴുത്ത്<br>*ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥയിലെ ആശയം മറ്റുള്ളവരും ആയി പങ്കിടുന്നു<br>*കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു | ജൂലൈ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| ലേഖനം | *സാങ്കല്പിക ഡയറി എഴുതുന്നു വരികൾ കൂട്ടിച്ചേർക്കുന്നു<br>*ചിത്രം നൽകി അതിൽ നിന്ന് കഥയുണ്ടാകുന്നു | ഓഗസ്റ്റ് | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| വായന | *ടീച്ചർ പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു<br>*വീട്ടു വായന രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു( ചൂണ്ടി വായന)<br>* ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു<br>*ചിത്ര കാർഡുകൾ വായന കാർഡുകൾ നിർമ്മാണം<br>*ഡിജിറ്റൽ സാധ്യതകളിൽ ഊന്നി കഥ കാണുവാനും കേൾക്കുവാനും പുനര അവതരിപ്പിക്കാനുള്ള സാധ്യതകൾ ഒരുക്കുന്നു | സെപ്റ്റംബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| വായന | *തീയേറ്റർ സാധ്യതകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയ്ക്ക് കുട്ടികളെ ആകർഷരാക്കുന്നു<br>*വേദികളിൽ സ്വതന്ത്രമായി കഥ പറയൽ | ഒക്ടോബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| വായന | *ചിത്ര വായന നടത്തി പ്രശസ്തമായ വാക്യങ്ങൾ വാചികമായി പങ്കിടുന്നു<br>*ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പുകൾ എഴുതുന്നു.<br>*കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാ വായന നടത്തുന്നു | നവംബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| വായന | *വായന കാർഡുകളുടെ സഹായത്തോടെ വായിക്കുന്നു<br>*ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു കുട്ടി സഹായത്തോടെ വായിക്കുന്നു | ഡിസംബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| ലേഖനം | *കുട്ടികൾ നിർമ്മിച്ച കഥയുടെ പ്രകാശനം | ജനുവരി | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| വായന | *കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കെടുക്കുന്നു<br>*ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നുഭാഷാപിരീഡുകളിൽ തൽസമയം നിർമ്മിത കഥകൾ വായിക്കൽ<br>*ലൈബ്രറിയിലെ പുസ്തകങ്ങൾ ഓരോ കുട്ടിക്കും വായിക്കുന്നതിന് അവസരം ഒരുക്കുന്നു | ഫെബ്രുവരി മാർച്ച് | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| പ്രാഗ് ഗണിത ആശയങ്ങൾ സംഖ്യാബോധം | * സന്നദ്ധത പ്രവർത്തനങ്ങൾ<br>* ശിൽപ്പശാല<br>* പോർട്ട് പോളിയോ | ജൂൺ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| ഗണിത കിറ്റ് | * ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു<br>* മഞ്ചാടി സഞ്ചി | ജൂലൈ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| ജ്യാമിതീയ രൂപങ്ങൾ | * ജാമിതീയ രൂപങ്ങൾ ചിത്രീകരിക്കൽ നിർമ്മിക്കൽ<br>* മൂർത്ത വസ്തുക്കളിൽ ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | ഓഗസ്റ്റ് | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| സംഖ്യകൾ തിരിച്ചറിയൽ | * സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ<br>* സംഖ്യ പാറ്റേൺ<br>* സംഖ്യകളുടെ വ്യാഖ്യാനം | സെപ്റ്റംബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| വലിയ സംഖ്യ ചെറിയ സംഖ്യ | * ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം<br>* | ഒക്ടോബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| സങ്കലനക്രിയകൾ വ്യവകലന ക്രിയകൾ | * സങ്കലനഗണിത പ്രവർത്തനം<br>* വ്യവകലന ഗണിത പ്രവർത്തനം | നവംബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| രണ്ടക്ക സംഖ്യകൾ | * സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ *രണ്ടംഗസംഖ്യകൾ എണ്ണിയെടുക്കാനും എഴുതുവാനും വായിക്കുവാനും<br>* രണ്ടക്ക സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ | ഡിസംബർ | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| രണ്ടക്ക സംഖ്യ വ്യാഖ്യാനം | * രണ്ടക്ക സംഖ്യകളുടെ വ്യവകലനം<br>* രണ്ടക്ക സംഖ്യകളുടെ സങ്കലനം<br>* രണ്ടക്ക സംഖ്യ വ്യാഖ്യാനം<br>* രണ്ടക്ക സംഖ്യ പാറ്റേൺ | ജനുവരി | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| കൂട്ടങ്ങൾ ആക്കൽ | * 2, 5,10 കൂട്ടങ്ങൾ എണ്ണിയെടുക്കാൻ തരംതിരിക്കൽ | ഫെബ്രുവരി | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |
| പ്രായോഗിക പ്രശ്നം വിശകലനം | * ഒന്നു മുതൽ 100 വരെ എഴുതുവാനും വായിക്കുവാനും<br>* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് ( രൂപയും പൈസയും ) | മാർച്ച് | അധ്യാപിക രക്ഷിതാക്കൾ | അധ്യാപിക രക്ഷിതാക്കൾ |

# പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | പിന്തുണ |
|---|---|---|---|
| പക്ഷികളെ നിരീക്ഷിക്കുന്നു | പക്ഷികളെ നിരീക്ഷിച്ച അവയ്ക്ക് നിരവധി വ്യത്യസ്തത ഉണ്ടെന്ന് കണ്ടെത്തുന്നു | ജൂൺ | അധ്യാപിക രക്ഷിതാക്കൾ |
| പക്ഷികളുടെ സാമ്യ വ്യത്യാസങ്ങൾ ( നിറം തൂവലുകളുടെ വ്യത്യാസം കൂടുകളുടെ വ്യത്യാസം വലിപ്പം ചെറുപ്പം) കണ്ടെത്തുന്നു | പക്ഷികളുടെ പേര് അവയുടെ തൂവൽ ചുണ്ട് കാല് എന്നിവയുടെ വ്യത്യസ്തത | ജൂലൈ | അധ്യാപിക രക്ഷിതാക്കൾ |
| പക്ഷികളുടെ ആഹാരരീതികൾ ആഹാരം കണ്ടെത്തുന്നതിന്റെ വ്യത്യസ്തത എന്നിവ പട്ടികപ്പെടുത്തുന്നു. | പക്ഷികളുടെ ആഹാര രീതി | ഓഗസ്റ്റ് | അധ്യാപിക രക്ഷിതാക്കൾ |
| * നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു. * വിവിധതരം സസ്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു | പൂക്കളുടെ വ്യത്യസ്തത | സെപ്റ്റംബർ | അധ്യാപിക രക്ഷിതാക്കൾ |
| * സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു * | ചെടികളുടെ ഭാഗങ്ങൾഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | ഒക്ടോബർ | അധ്യാപിക രക്ഷിതാക്കൾ |
| നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തരാണെന്ന് കണ്ടെത്തുന്നു | ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | നവംബർ | അധ്യാപിക രക്ഷിതാക്കൾ |
| നല്ല ആരോഗ്യ ശീലങ്ങൾ | വ്യായാമം ഉറക്കം ഭക്ഷണം ആരോഗ്യത്തിന് ആവശ്യം | ഡിസംബർ | അധ്യാപിക രക്ഷിതാക്കൾ |

# English

| Aim | Activity | Month | Support |
|---|---|---|---|
| Skills | *To develop listening skills and reading skills<br>*Description growing sentence picture reading riddles | June-March | Teacher&Parents |
| Listening Skills | *Story listening with questions<br>*Conversation listening<br>*Listening rhymes<br>*Small games<br>* Repeat after | June-March | Teacher&Parents |
| Reading Skills | *Listening stories<br>*Picture reading<br>* Find words from reading materials<br>*Rhyming words<br>*Describing words from text book<br>*Reading stories | June-March | Teacher&Parents |
| Writing Skills | *Make word web<br>*Word chain<br>* Picture description riddles conversation<br>*Story making | June-March | Teacher&Parents |

# കല കായിക പ്രവൃത്തി പരിചയം

കലാകായിക പ്രവൃത്തികൾ സ്കൂളിൽ നടത്തുന്നത് കുട്ടികളുടെ ഭൗതികവും ശാരീരികവും മാനസികവും സാമൂഹികവും സാംസ്കാരികവുമായ വിവിധ മേഖലകളിൽ വളർച്ചയുള്ള കുട്ടികളെ രൂപപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ്

# കലാപഠനം

### ലക്ഷ്യങ്ങൾ

* സൃഷ്ടിശേഷിയും ഭാവന ശക്തിയും വളർത്തുക
* കുട്ടികളുടെ കാഴ്ചപ്പാടുകളും സ്വതന്ത്ര ചിന്തയും വികസിപ്പിക്കുക

### ഘടകങ്ങൾ

*വരക്കൽ
*നിറം നൽകാൻ
* ആക്ഷൻ സോങ്സ്
*നാടകം
*രചനാത്മക പ്രകടനം

### വിലയിരുത്തൽ

*കുട്ടികൾക്ക് ഉള്ളിലുള്ള കലാപരിചയം മനസ്സിലാക്കാൻ സാധിക്കുന്നു
* കുട്ടികളിലെ ആത്മവിശ്വാസം ഭാഷ പ്രകടനം എന്നിവ കണ്ടെത്താൻ സാധിക്കുന്നു

# കായിക പഠനം

### ലക്ഷ്യങ്ങൾ

* ശാരീരിക ആരോഗ്യം വർദ്ധിപ്പിക്കുക
* ഗ്രൂപ്പ് ചിന്തകൾ വളർത്തുക

### ഘടകങ്ങൾ

* ക്രമപൂർവ്വമായ വ്യായാമങ്ങൾ
* ലഘുവായ ഓട്ടവും ചാട്ടവും
* ഗ്രൂപ്പ് ഗെയിം
* കളിസ്ഥല ശീലങ്ങൾ

### വിലയിരുത്തൽ

*ശാരീരിക നിലവാരം മെച്ചപ്പെടുന്നത്
* ആത്മസമയമനം അനുസരണ, ക്ഷമ എന്നിവ വളരുന്നത്

# പ്രവൃത്തി പരിചയം

### ലക്ഷ്യങ്ങൾ

*മൂല്യങ്ങളും മനോഭാവങ്ങളും
*തൊഴിൽ സന്നദ്ധത
*തൊഴിലിനോടും തൊഴിലെടുക്കുന്നവരോടും ആഭിമുഖ്യം
* വ്യകസനം

### ഘടകങ്ങൾ

* മടക്കൽ
* മുറിക്കൽ
* ഒറിഗാമി
* കളിപ്പാട്ട നിർമ്മാണം

### വിലയിരുത്തൽ

*സഹകരണ മനോഭാവം
* എല്ലാ തൊഴിലും നല്ലതാണ് എന്ന ചിന്ത

# രണ്ടാം ക്ലാസ്സ്

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രത്യേക പ്രവർത്തന പാക്കേജ് | ജൂൺ 3 - ജൂൺ 13, 2025 |
| 3 | മലയാള മധുരം | ജൂൺ 2025 - മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025 - മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025 - മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം, വർക്ക് ബുക്ക് | ജൂൺ 2025 (വിതരണം) |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025 - മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ 2025 - മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 (ആരംഭം), ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വീതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനവരി 2026 |
| 12 | ഗണിതകിറ്റ്, ഗണിതമൂല | 2025 |
| 13 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ 2025 - മാർച്ച് 2026 |
| 14 | Hello English Adaptation | ജൂൺ 2025 - മാർച്ച് 2026 |
| 15 | ക്ലാസ്സ്‌തല ബാലസഭ | എല്ലാ ശനി ദിവസങ്ങളിലും (പ്രവർത്തനമുള്ള ദിവസങ്ങളിൽ) |
| 16 | അരങ്ങത്തേക്ക് | ജൂലൈ 2025 - മാർച്ച് 2026 |
| 17 | പരീക്ഷണോത്സവം | ജൂലൈ 2025 - മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിങ് | എല്ലാ മാസവും |
| 19 | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |

# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

അധ്യാപന-അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

**ലക്ഷ്യ പ്രസ്താവനകൾ:**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.
-

**പ്രവർത്തന ഘട്ടങ്ങൾ:**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ 2025 മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).
-

**വിലയിരുത്തൽ:**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത തേടിയിട്ടുണ്ട്.

- തുടക്കം മുതലേ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

## പാട്ടാരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- 

പ്രവർത്തന ഘട്ടങ്ങൾ:

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.
- രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).
- തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടുവായനയും ആവിഷ്കാരവും), വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).
- 

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

### ലക്ഷ്യപ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- . നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവർത്തനങ്ങൾ
- ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

  പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

- കണ്ടെത്തലുകളുടെഅവതരണം.കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.പതിപ്പ് തയ്യാറാക്കൽ.പാഠഭാഗത്തിന്നനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
  പ്രവർത്തനംഅവലോകനം,

## വിലയിരുത്തൽ

(ജൂലൈഅവസാനം)
പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)
വിലയിരുത്തൽ
ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ചുമതല :

ക്ലാസ് ടീച്ചർ, PTA, HM
സാമ്പത്തികം :SSK

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).
- ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്).
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

-

വിലയിരുത്തൽ:

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജിയിൽ ചർച്ച നടത്തിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ യിൽ ആശയം പങ്കിട്ട് പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- റീഡേഴ്സ് തിയേറ്റർ ശില്പശാല നടത്തിയിട്ടുണ്ട്.
- എല്ലാ കുട്ടികളും പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ട്.
- റീഡേഴ്സ് തിയേറ്റർ ഉപയോഗിച്ച് പാഠഭാഗങ്ങൾ, മറ്റു ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്.
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം നൽകിയിട്ടുണ്ട്.
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരിപ്പിച്ചിട്ടുണ്ട്.

പങ്കാളി: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ



# ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

# ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA



## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

**ലക്ഷ്യ പ്രസ്താവന**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

**വിലയിരുത്തൽ**

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.,എസ്. എസ്. കെ



## അരങ്ങത്തേക്ക്

അഭിനയം, പ്രാഥമിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അരങ്ങനുഭവങ്ങൾ വളരെ സഹായകമാണ്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.
- കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറ്റുക.
- പൂർണ്ണമായും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.
- താൽപ്പര്യത്തോടെ പഠനത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.
- ശാരീരിക ചാലകവികാസം പ്രോത്സാഹിപ്പിക്കുക.
- ആശയവിനിമയശേഷി വളർത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.
- വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.
- പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം നൽകുക.
- സജ്ജീകരണം: ചെറിയ അരങ്ങുകൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.
- അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക.
- വിചാരണ (പ്രതിഫലനം): അഭിനയം കഴിഞ്ഞ് പ്രതിഫലനം നടത്തുക – എന്താണ് പഠിച്ചത്? ആരെന്താണ് അഭിനയിച്ചത്?

### വിലയിരുത്തൽ:

- പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?
- അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം.
- പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?
- യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- വ്യക്തിഗതമായി കുട്ടികളെ പരിഗണിച്ചുള്ള വിശകലനം (AMP).
- പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

### ക്രോഡീകരണം:

- പഠനം ആസ്വാദ്യകരമാക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിക്കാൻ കഴിയും.
- യൂണിറ്റിലെ ആശയങ്ങളും കവിതകളും ഉറപ്പിക്കുന്നതിന് കഴിയുന്നു.
- സഭാകമ്പമില്ലാതെ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കഴിയുന്നു.
- എല്ലാവരെയും പരിഗണിക്കാൻ കഴിയുന്നു.
- കുട്ടിയെ അറിയാൻ കഴിയുന്നു (വ്യക്തിഗത AMP).

## പരീക്ഷണോത്സവം

നേരിട്ടുള്ള അനുഭവങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുകയാണ് ശാസ്ത്ര പഠനത്തിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് പരീക്ഷണങ്ങൾ. 'പരീക്ഷണോത്സവം' എന്ന ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പരിസരത്തെക്കുറിച്ചുള്ള അറിവ്, ശാസ്ത്ര ആശയങ്ങൾ, പ്രക്രിയാശേഷികൾ എന്നിവ ലളിതമായ രീതിയിൽ മനസ്സിലാക്കാനും, ക്ലാസ് മുറി കൂടുതൽ ജീവസ്സുറ്റതാക്കാനും കഴിയും. ഈ പ്രവൃത്തിയിലൂടെ കുട്ടികളിൽ നിരീക്ഷണ കഴിവും അന്വേഷണശേഷിയും വർദ്ധിപ്പിക്കുന്ന, ഉത്സാഹവും കൗതുകവും ഉണർത്തുന്ന പഠനാനുഭവമാണ് ലക്ഷ്യമിടുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- പ്രക്രിയാധിഷ്ഠിതമായ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.
- നിരീക്ഷണം, അന്വേഷണം, പരീക്ഷണം ഇടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
- സ്വയം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുക.
- പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്ന ആവിഷ്കാരങ്ങൾ നൽകുക.
- ശാസ്ത്ര കൗതുകം, താൽപ്പര്യം, സംശയപരിശോധന എന്നീ പഠന ചിന്തകൾ വളർത്തുക.
- മുഴുവൻ കുട്ടികളിലും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പ്രാരംഭ ചർച്ച: പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ വിശദീകരിക്കുകയും, എന്തൊക്കെ പരീക്ഷണങ്ങൾ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്യുകയും ചെയ്യുക.
- പരീക്ഷണങ്ങൾ തിരഞ്ഞെടുക്കൽ: പഠനവിഷയത്തിന് അനുസൃതമായി ലളിതമായ പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക (ഉദാ: ജലചക്രണം, മണ്ണിന്റെ സ്വഭാവം, ലയിക്കുന്ന പദാർത്ഥങ്ങൾ ഇടങ്ങിയവ).
- വിഭാഗങ്ങളാക്കി ഒരുക്കൽ: കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി ഓരോ സംഘത്തിനും പരീക്ഷണ ഉത്തരവാദിത്തം നൽകുക.
- സാധനങ്ങൾ ഒരുക്കൽ: സ്കൂളിലെ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ ഒരുക്കുക.
- പരീക്ഷണ പ്രദർശനം: ഓരോ സംഘവും പരീക്ഷണം കാഴ്ചവെക്കുകയും ഫലങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
- പോസ്റ്റർ/ചിത്രാവിഷ്കാരങ്ങൾ: പരീക്ഷണങ്ങൾക്കൊപ്പം അവയെ വിശദീകരിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- പ്രതിഫലനം: ഓരോ സംഘവും ചെയ്ത പ്രവൃത്തിയെക്കുറിച്ച് ചർച്ച ചെയ്യുക - എന്താണ് പഠിച്ചത്? എന്താണ് പുതുതായി അറിഞ്ഞത്?

### വിലയിരുത്തൽ:

- പരീക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം.
- നിരീക്ഷണശേഷിയും സംശയപരിശോധനാക്ഷമതയും.
- അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിലേക്കുള്ള സാന്നിധ്യം.
- ഭിന്നശേഷിക്കാരായ കുട്ടികളെ എങ്ങനെ ഉൾപ്പെടുത്തി.
- സഹപാഠികളുമായി സഹകരിച്ച് പഠിക്കാൻ കുട്ടികൾക്ക് എങ്ങനെ കഴിഞ്ഞു.
- പ്രതിഫലന ചർച്ചകളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ടോ.
- പ്രവർത്തനത്തിന്റെ അടക്കം പാഠഭാഗവുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുക.

# മലയാളം

